15
2025
ജനുവരി
ബുധൻ
മകരം 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.51 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-51 | പേജ് 4. വില 2.00 രൂപ








02 ▶ തലയോട്ടി തുറക്കാതെ ബ്രെയിൻ എവിഎം രോഗത്തിന് നൂതന ചികിത്സ

03 ▶ ഭക്ഷ്യസുരക്ഷാ വകുപ്പിന് അത്യാധുനിക മൈക്രോബയോളജി ലാബ്

04 ▶ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക ലക്ഷ്യം


# വയനാട് ദുരന്തം: കാണാതായവരെ മരിച്ചവരായി കണക്കാക്കും



തിരുവനന്തപുരം: വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവരെ മരിച്ചവരായി കണക്കാക്കുമെന്ന് സർക്കാർ. ദുരന്തബാധിതർക്ക് ധനസഹായം നൽകുന്നതിനായി പ്രാദേശിക സമിതി, സംസ്ഥാനതല സമിതി എന്നിങ്ങനെ രണ്ട് സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കി. തുടർ നടപടികൾ പ്രാദേശിക സമിതിയും സംസ്ഥാനതല സമിതിയുമാണ് നടപ്പിലാക്കുക. പ്രാദേശിക സമിതി ആദ്യം മരിച്ചവരുടെ പട്ടിക തയാറാക്കും.

കാണാതായവരെ മരിച്ചവരായി കണക്കാക്കി അടുത്ത ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുക, മറ്റ് സഹായങ്ങൾ നൽകുക എന്നിവയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ദുരന്തത്തിൽ കാണാതായവരെ സംബന്ധിച്ച് പൊലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാണാതായവരുടെ കുടുംബത്തിനും സഹായം എന്നത് ദുരിത ബാധിതരുടെ പ്രധാന ആവശ്യമായിരുന്നു. ചൂരൽമല മുണ്ടക്കൈ ഉരുൾപ്പൊട്ടൽ ദുരന്തമുണ്ടായി നാല് മാസം പിന്നിട്ടിട്ടും 32 പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്.

അടുത്ത ബന്ധുക്കൾക്ക് മരണസർട്ടിഫിക്കറ്റും അതിന് പിന്നാലെ അവരുടെ കുടുംബങ്ങൾക്ക് ധനസഹായവും വീട് ഉൾപ്പടെ മറ്റ് സഹായങ്ങൾക്കും അർഹരാക്കി കൊണ്ടുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, പൊലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ എന്നിവർ ഉൾപ്പെട്ടതാണ് പ്രാദേശിക സമിതി. തുടർന്ന് ഈ പട്ടിക ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറും. ഇവരാണ് വിവരങ്ങൾ സംസ്ഥാന സമിതിക്ക് കൈമാറുക.

ഉരുൾ ദുരന്തം:മരണ സർട്ടിഫിക്കറ്റ് നടപടികൾ ഇങ്ങനെ

വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധു അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തെ പൊലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണമെന്നതാണ് ആദ്യപടി. കാണാതായ വ്യക്തിയെ സംബന്ധിച്ച് തഹസിൽദാർ അല്ലെങ്കിൽ സബ്ഡിവിഷനൽ മജിസ്ട്രേറ്റ് വിശദമായ അന്വേഷണം നടത്തും.

അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ /സബ്ഡിവിഷനൽ മജിസ്ട്രേറ്റ്, കാണാതായ വ്യക്തിയെ മരണപ്പെട്ടതായുള്ള താൽക്കാലിക നിഗമനം സംബന്ധിച്ച് കാര്യകാരണ സഹിതം ഉത്തരവ് പുറപ്പെടുവിക്കും. മരിച്ചതായി പ്രഖ്യാപിക്കുന്നതിന് വ്യക്തികളുടെ പട്ടിക ദിനപത്രത്തിലും ഔദ്യോഗിക ഗസറ്റിലും സർക്കാർ വെബ് സൈറ്റിലും ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിക്കാൻ മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കണം.

നിശ്ചിത സമയപരിധിക്കകം ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള ഉത്തരവ് തഹസിൽദാർ/സബ്ഡിവിഷനൽ മജിസ്ട്രേറ്റ്, ജനനമരണ രജിസ്ട്രാർക്ക് നൽകണം.

ഇതിൻറെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മരണം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കും. മരിച്ചയാളിന്റെ അടുത്ത ബന്ധുവിന് മരണ സർട്ടിഫിക്കറ്റ് സൗജന്യമായി നൽകും. ഒപ്പം പ്രഥമ വിവരം റിപ്പോർട്ട് ചെയ്ത പൊലീസ് സ്റ്റേഷനിലേക്ക് സർട്ടിഫിക്കറ്റ് അയച്ചുനൽകും.

ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കുന്ന കേസുകളിൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്നതും തഹസിൽദാർ/സബ്ഡിവിഷനൽ മജിസ്ട്രേറ്റിൻറെ തൊട്ടു മുകളിലുള്ളതുമായ ഉദ്യോഗസ്ഥനാണ് നടപടി സ്വീകരിക്കേണ്ടത്.

ദുരന്ത സമയത്ത് ദുരിത ബാധിത ഗ്രാമങ്ങളിൽപെട്ട് കാണാതായ മറ്റ് ജില്ലകളിലെ താമസക്കാരെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെയും സംബന്ധിച്ച് അടുത്ത ബന്ധുക്കൾ എഫ്.ഐ.ആർ സമർപ്പിക്കണം.

ഉരുൾപൊട്ടലിൽ കാണാതായവരുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ വിശദാംശങ്ങൾ പൊലീസ് സ്റ്റേഷനിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കും. എഫ്.ഐ.ആർ പരിശോധിച്ച് പ്രത്യേക അന്വേഷണ റിപ്പോർട്ട് തയാറാക്കുകയും ഇതിൽ കാണാതായ വ്യക്തിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് രേഖപ്പെടുത്തുകയും ചെയ്യും. ഇതനുസരിച്ച് പട്ടിക തയാറാക്കുന്നതിനാണ് പ്രാദേശിക തലസമിതി രൂപവത്കരിക്കുന്നത്.

വില്ലേജ് ഓഫിസർ, പഞ്ചായത്ത് സെക്രട്ടറി, പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫിസർ എന്നിവരാണ് പ്രദേശികതല സമിതിയിലെ അംഗങ്ങൾ.



## സിഎംഎഫ്ആർഐ വിന്റർ സ്കൂൾ പത്മശ്രീ ജേതാവ് ഡോ ശോശാമ്മ ഐപ് ഉദ്ഘാടനം ചെയ്യും

കൊച്ചി: സമുദ്രജീവികളുടെ ജനിതക പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂൾ ഇന്ന് (ജനു 15 ബുധൻ) രാവിലെ 10.30ന് പത്മശ്രീ ജേതാവ് ഡോ ശോശാമ്മ ഐപ് ഉദ്ഘാടനം ചെയ്യും. വെച്ചൂർ പശു സംരക്ഷണത്തിലൂടെ ശ്രദ്ധേയയായ ഡോ ശോശാമ്മ ഐപ് കേരള വെറ്ററിനറി സർവകലാശായിൽ മുൻ അധ്യാപികയും മൃഗ പ്രജനനജനിതക പഠന മേഖലയിൽ വിദഗ്ധയുമാണ്.

കടൽജീവികളുടെ ജീനോം വിശകലനം ഉൾപ്പെടെ ജനിതകപഠന മേഖലയിൽ ഏറ്റവും പുതിയ അറിവും സാങ്കേതികവിദ്യകളും യുവഗവേഷകരെ പരിചയപ്പെടുത്തുന്ന സിഎംഎഫ്ആർഐ വിന്റർ സ്കൂൾ 21 ദിവസം നീണ്ടു നിൽക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരും സർവകലാശാല അധ്യാപകരുമാണ് പങ്കെടുക്കുന്നത്.

## സെക്രട്ടറിയേറ്റ് പരിസരത്ത് സ്ഥാപിച്ച ഫ്ലക്സ് നീക്കം ചെയ്തു

തിരുവനന്തപുരം: കോടതി വിലക്ക് ലംഘിച്ച് സെക്രട്ടറിയേറ്റ് പരിസരത്ത് സ്ഥാപിച്ച കൂറ്റൻ ഫ്ലക്സും മുഖ്യമന്ത്രിയുടെ കട്ടൗട്ടും നീക്കം ചെയ്തു. നഗരസഭയാണ് ഫ്ലക്സ് നീക്കം ചെയ്തത്. സെക്രട്ടറിയേറ്റ് എംപ്ലോയിസ് അസോസിയേഷനാണ് ഫ്ലക്സും മുഖ്യമന്ത്രിയുടെ കട്ടൗട്ടും സ്ഥാപിച്ചത്. കൻറോൺമെൻറ് പോലീസ് സ്റ്റേഷന് തൊട്ടുമുമ്പിലാണ് സംഭവം. സിൽവർ ജൂബിലി മന്ദിരത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഫക്സാണ് സ്ഥാപിച്ചത്. സംസ്ഥാനത്തെ പാതയോരങ്ങളിലും പൊതുസ്ഥലത്തും നിരത്തിയിട്ടുള്ള ഫ്ലക്സ് ബോർഡുകൾ എടുത്ത് മാറ്റണമെന്ന് ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപടി പുരോഗമിക്കുകയാണ്. സെക്രട്ടറിയേറ്റ് പരിസരത്തുണ്ടായിരുന്ന ഫ്ലക്സ് ബോർഡുകളും നഗരസഭാ അധികൃതർ എടുത്ത് മാറ്റിയിരുന്നു. ഇതിനിടെയാണ് കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് ഭരണാനുകൂല സംഘടന ഫ്ലക്സ് സ്ഥാപിച്ചത്.

## കേരളാ കോൺഗ്രസിന് സംസ്ഥാന പാർട്ടി പദവി; അംഗീകാരം നൽകി കേന്ദ്ര ഇലക്ഷൻ കമ്മീഷൻ

ന്യൂഡൽഹി: കേരളാ കോൺഗ്രസ് പാർട്ടിയെ സംസ്ഥാന രാഷ്ട്രീയ പാർട്ടിയായി അംഗീകരിച്ചു. കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ആണ് അംഗീകാരം നൽകിയത്.കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് സ്ഥാനാർഥിയായി അഡ്വ.കെ. ഫ്രാൻസിസ് ജോർജ് വിജയിച്ചതിനെ തുടർന്നാണ് ഇലക്ഷൻ കമ്മീഷൻ അംഗീകാരം നൽകിയത്. ഇതോടെ പാർട്ടിയുടെ ചിഹ്നം സംബന്ധിച്ചും തീരുമാനം ഉണ്ടാവും.കേരളാ കോൺഗ്രസ് പാർട്ടിക്ക് രണ്ട് എംഎൽഎമാരാണ് നിലവിൽ ഉള്ളത്.

## 400 കിലോയുള്ള അച്ചിണി സ്രാവ് ചൂണ്ടയിൽ കുടുങ്ങി



തിരുവനന്തപുരം: ചൂണ്ടയിൽ കുരുങ്ങിയ 400 കിലോയുള്ള അച്ചിണി സ്രാവിനെ മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിൽ മത്സ്യത്തൊഴിലാളികൾ കരയ്ക്കെത്തിച്ചു. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളിയായ ക്രിസ്റ്റഫറിന്റെ ചൂണ്ടയിലാണ് അച്ചിണി സ്രാവ് കുടുങ്ങിയത്.

രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ വള്ളക്കാരുമായി സ്രാവ് കുറേ ദൂരം പാഞ്ഞുവെങ്കിലും ഒടുവിൽ തൊഴിലാളികൾ കീഴടക്കി കരയിലെത്തിക്കുകയായിരുന്നു.

വള്ളത്തിലുണ്ടായിരുന്ന അഞ്ച് പേർ ചേർന്ന് സ്രാവിനെ വള്ളത്തിൽ നിന്ന് ഇറക്കാൻ ശ്രമിച്ചെങ്കിലും നടക്കാതെ വന്നതോടെ കൂടുതൽ മത്സ്യത്തൊഴിലാളികൾ എത്തിയാണ് ഇതിനെ കരയ്ക്കിറക്കിയത്.നാൽപ്പതിനായിരം രൂപയിൽ തുടങ്ങിയ ലേലം വിളി എൺപതിനായിരത്തോളം രൂപയിലെത്തിയാണ് അവസാനിച്ചതെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. 79,400 രൂപ വരെ മത്സരിച്ച് ലേലം വിളി നടന്നു. അച്ചിണി സ്രാവിനെ കാണാറുണ്ടെങ്കിലും ചൂണ്ടയിൽ കുരുങ്ങുന്നത് അപൂർവമാണെന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞു

## പട്ടം എസ് യു ടി ആശുപത്രിയിൽ 'ബയോമെഡിക്കൽ എക്യുപ്മെന്റ് മാനേജ്മെന്റ്' 'തുടർ പഠന സെർട്ടിഫിക്കേഷൻ' പ്രോഗ്രാം സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയും കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹെൽത്ത് കെയർ ഓർഗനൈസേഷനുമായി (കാഹോ) ചേർന്ന് 2025 ജനുവരി 12 ന് ഹോട്ടൽ ഹൈസിന്തിൽ വച്ച് 'ആരോഗ്യ സംരക്ഷണത്തിൽ ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ നിർണ്ണായക പങ്ക്' എന്ന വിഷയത്തിൽ സെമിനാറും സർട്ടിഫിക്കറ്റ് പ്രോഗ്രാമും സംഘടിപ്പിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്തു. രോഗികളുടെ സുരക്ഷയും പ്രവർത്തന മികവും ഉറപ്പാക്കുന്നതിൽ ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ നിർണ്ണായക പങ്കിനെക്കുറിച്ച് സിഇഒ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തു പറയുകയുണ്ടായി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ.രാജശേഖരൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. ഉണ്ണികൃഷ്ണൻ എം (സീനിയർ കൺസൾട്ടന്റ് & ഹെഡ്, കാർഡിയോ തൊറാസിക് & വാസ്കുലർ സർജറി, എസ് യു ടി പട്ടം), വിനോദ്കുമാർ (കാഹോ), അരുൾ പ്രകാശ് (കാഹോ), ചൊക്കലിംഗം എസ് (കാഹോ). മഞ്ജുമോൾ കെ കെ (മാനേജർ, ബയോമെഡിക്കൽ വിഭാഗം എസ്യുടി ആശുപത്രി), കൂടാതെ രാജ്യത്തുടനീളമുള്ള വിവിധ ആശുപത്രികളിൽ നിന്നുള്ള പ്രമുഖർ പ്രധാന സെഷനുകൾ നയിച്ചു. സെമിനാറിനെ തുടർന്ന് സർട്ടിഫിക്കറ്റ് വിതരണവും പരിപാടിയിൽ ഉൾപ്പെട്ടിരുന്നു.




## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (റ്റാലി), ഓട്ടോകാഡ്, മൊബൈൽഫോൺ ടെക്നോളജി, ഗാർമെന്റ്മേക്കിംഗ് ആന്റ് അപ്പാരൽ ഡിസൈനിംഗ്, ബ്യൂട്ടീഷ്യൻ, ഇലക്ട്രിക്കൽ വയർമാൻ, ടോട്ടൽസ്റ്റേഷൻ എന്നീ കോഴ്സുകളിലേക്കു ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 8075289889, 9495830907.

## അന്തിമ കാറ്റഗറി ലിസ്റ്റ്

2024 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്ക് അപേക്ഷ സമർപ്പിക്കുകയും ഓൺലൈൻ പരീക്ഷ എഴുതുകയും ചെയ്ത വിദ്യാർഥികളുടെ അന്തിമ കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക് : www.cee.kerala.gov.in . ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## കാറ്റഗറി ലിസ്റ്റ്

2024–ലെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി കോഴ്സ് പ്രവേശനത്തിനായി ഒഴിവുള്ള സീറ്റിലേക്കുള്ള അന്തിമ റാങ്ക്, കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് : www.cee.kerala.gov.in . ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## തമിഴ് അപ്രിന്റീസ് ട്രെയിനി

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ തമിഴ് അപ്രിന്റീസ് ട്രെയിനിയെ ആറ് മാസത്തേക്ക് നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ആറായിരം രൂപയാണ് പ്രതിമാസ സ്റ്റൈപ്പന്റ്. എസ്.എസ്.എൽ.സിയും സി.എൽ.ഐ.എസ്.സിയോ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഡിഗ്രിയോ വേണം. തമിഴ് ഒരു വിഷയമായി പഠിക്കുകയോ തമിഴിൽ പഠനം നടത്തുകയോ ചെയ്തിരിക്കണം. 18–36 ആണ് പ്രായപരിധി. രണ്ട് ഒഴിവുണ്ട്. ഉദ്യോഗാർഥികൾ അപേക്ഷയൊടൊപ്പം ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ എന്നീ രേഖകൾ സഹിതം 16ന് രാവിലെ 11.30ന് സ്റ്റേറ്റ് ലൈബ്രേറിയൻ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

## ടെക്നോപാർക്കിൽ ഗ്രേഡ്–എ ഐടി ഓഫീസ് സ്പെയ്സ് വികസിപ്പിക്കാൻ ധാരണാപത്രം ഒപ്പിട്ടു

ടെക്നോപാർക്ക് ഫേസ് 1 കാമ്പസിൽ ഗ്രേഡ്–എ ഐടി ഓഫീസ് സ്പെയ്സും ഫൈവ് സ്റ്റാർ ബിസിനസ് ഹോട്ടലും വികസിപ്പിക്കുന്നതിനായി ബ്രിഗേഡ് എന്റർപ്രൈസസ് ലിമിറ്റഡിന്റെയും ടെക്നോപാർക്കിന്റെയും പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ധാരണാപത്രം ഒപ്പിട്ടു.

പദ്ധതിക്കായി 4.85 ഏക്കർ സ്ഥലത്ത് ഏകദേശം 400 കോടി രൂപ നിക്ഷേപിക്കും. 1 ദശലക്ഷം ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള ഐടി ഓഫീസ് വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ബഹുരാഷ്ട്ര ഐടി കമ്പനികളെ തിരുവനന്തപുരത്തേക്ക് കൊണ്ടുവരാനും പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി വഴി ലക്ഷ്യമിടുന്നു.

## എഴുത്തച്ഛൻ പുരസ്കാര സമർപ്പണം ജനുവരി 16ന്

2024ലെ എഴുത്തച്ഛൻ പുരസ്കാരം എൻ.എസ്. മാധവന് മുഖ്യമന്ത്രി പിണറായി വിജയൻ ജനുവരി 16ന് തിരുവനന്തപുരത്ത് സമർപ്പിക്കും. വൈകീട്ട് 4 മണിക്ക് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടക്കുന്ന പരിപാടിയിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ആദരഭാഷണം നടത്തും. ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ പ്രശസ്തിപത്രം വായിക്കും. ആന്റണി രാജു എം.എൽ.എ., തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യാ രാജേന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിക്കും. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ തുടങ്ങിയവർ പങ്കെടുക്കും.

## ദല്ലേവാളിന്റെ നിരാഹാര സമരം; സുപ്രീം കോടതി ഇന്ന് ഹർജി പരിഗണിക്കും

ന്യൂഡൽഹി: കർഷക നേതാവ് ജഗ്ജിത് സിങ് ദല്ലേവാളിന്റെ നിരാഹാര സമരവുമായി ബന്ധപ്പെട്ട ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. പൊലീസ് സ്ഥാപിച്ച ബാരിക്കേഡുകൾ നീക്കം ചെയ്യാനുള്ള പഞ്ചാബ്ഹരിയാന ഹൈക്കോടതിയുടെ ഉത്തരവിനെ ചോദ്യം ചെയ്തുള്ള ഹർജി, ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും എതിരായ കോടതിയലക്ഷ്യ ഹർജി എന്നിവയാണ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് എൻ കോടീശ്വർ സിങ് എന്നിവരടങ്ങിയ ബെഞ്ച് പരിഗണിക്കുന്നത്.

വിളകൾക്ക് സർക്കാർ എംഎസ്പി ഗ്യാരന്റി ഉൾപ്പെടെ നടപ്പിലാക്കാൻ കേന്ദ്രത്തിന് നിർദേശം നൽകണമെന്നാവശ്യപ്പെട്ട് കർഷകർ സമർപ്പിച്ച ഹർജിയും പരിഗണിക്കും.

ദല്ലേവാളിന് വൈദ്യസഹായം നൽകണമെന്ന ഉത്തരവ് പാലിക്കാത്തതിനാണ് പഞ്ചാബ് ചീഫ് സെക്രട്ടറിക്കും പൊലീസ് ഡയറക്ടർ ജനറലിനും എതിരായ കോടതിയലക്ഷ്യ ഹർജി. വിഷയത്തിൽ നേരത്തെ സുപ്രീം കോടതി സംസ്ഥാന സർക്കാരിനെ രൂക്ഷമായി വിമർശിച്ചിരുന്നു. പഞ്ചാബ് ഹരിയാന ഹൈക്കോടതി മുൻ ജഡ്ജി നവാബ് സിങ്ങിന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതിയുമായി കൂടിക്കാഴ്ച നടത്താൻ ദല്ലേവാൾ സമ്മതം അറിയിച്ചതിനെ തുടർന്ന് സുപ്രീം കോടതി ഈ മാസം ആറിന് വാദം കേൾക്കുന്നത് മാറ്റിവച്ചിരുന്നു.

## സി–ആപ്റ്റ് കോഴ്സുകൾ നടത്തുന്നതിന് ഫ്രാഞ്ചൈസികളെ ക്ഷണിക്കുന്നു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലു ള്ള സി–ആപ്റ്റ് മൾട്ടിമീഡിയ അക്കാഡമിയിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ, എയർപോർട്ട് ഓപ്പറേഷൻസ് ആൻഡ് ഹോസ്പിറ്റാലിറ്റി, ഹോട്ടൽ മാനേജ്മെന്റ്, കോർപ്പറേറ്റ് ഫിനാൻസ്, പി.ജി.ഡി.സി.എ, ഡി.സി.എ, ഡി.എഫ്.എഫ്.എ, സർട്ടിഫിക്കറ്റ് കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, പൈത്തൺ, ടാലി, വി.എഫ്.എക്സ്/ എഡിറ്റ് എക്സ്പേർട്ട്, എം.എസ് ഓഫീസ് തുടങ്ങി 78–ഓളം കോഴ്സുകൾ നടത്താൻ ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തും. ഫെബ്രുവരി 15 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0471 2467728, 9847131115, 9995444485, ഇ മെയിൽ: mma@captkerala.com .

## തൊഴിൽ നവീകരണത്തിന് ധനസഹായം: അപേക്ഷ തീയതി നീട്ടി

തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ പ്രകാരം ബാർബർഷോപ്പ് നവീകരണ ധനസഹായം, പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയ്ക്കായ് ആംശി ജീ്യമേഹ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജനുവരി 25 വരെ ദീർഘിപ്പിച്ചു.

## അപേക്ഷ തീയതി നീട്ടി

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ നേതൃത്വത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരി സെഷനിൽ സംഘടിപ്പിക്കുന്ന വിവിധ സർട്ടിഫിക്കറ്റ്–ഡിപ്ലോമ–അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാമുകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ജനുവരി 31 വരെ ദീർഘിപ്പിച്ചു. പ്രോഗ്രാമുകളുടെ വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ടസ് www.srccc.in എന്ന വെബ്സൈറ്റിൽ ലഭിക്കും. 18 വയസ്സിനുമേൽ പ്രായമുള്ള നിശ്ചിത യോഗ്യതയുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായ പരിധി ഇല്ല. ആപ്ലിക്കേഷൻ ഓൺലൈനായി https://app.srccc.in/register എന്ന ലിങ്കിലൂടെ ജനുവരി 31 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. ബന്ധപ്പെടേണ്ട വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം– 695033, ഫോൺ: 0471 2325101, 8281114464, ഇമെയിൽ: keralasrc@gmail.com, വെബ്സൈറ്റ്: www.srccc.in / www.src.kerala.gov.in .

## ഭിന്നശേഷിക്കാരിക്ക് പീഡനം: മന്ത്രി റിപ്പോർട്ട് തേടി

മലപ്പുറം അരീക്കോട് മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരിയെ കൂട്ടബലാത്സംഗം ചെയ്തതായി വന്ന വാർത്തയിൽ ഉന്നതവിദ്യാഭ്യാസ–സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് അടിയന്തിര റിപ്പോർട്ട് തേടി. അതിജീവിതക്ക് ആവശ്യമുള്ള സഹായങ്ങൾ നൽകാൻ നടപടി സ്വീകരിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

## അജൈവ മാലിന്യം: ഓഡിറ്റിംഗ് തുടങ്ങി

കേരള സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി സംസ്ഥാന വ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് ആരംഭിച്ചു. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ കീഴിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലുമായി പ്രവർത്തിക്കുന്ന ഭൂമിത്രസേന ക്ലബ്ബുകൾ മുഖേനയാണ് ഓഡിറ്റിംഗ് നടത്തുന്നത്.

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഓഡിറ്റിംഗ് നടത്തുക. തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റികളുടെ (എംസിഎഫ്) അടിസ്ഥാന സൗകര്യങ്ങൾ, പൊതുവായ ശുചിത്വം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ, ഹരിതമിത്രം ആപ്ലിക്കേഷന്റെ ഉപയോഗം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ നിർദേശങ്ങൾ എന്നിവയാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മികച്ച ഓഡിറ്റിംഗ് റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഭൂമിത്രസേന ക്ലബ്ബുകൾക്ക് സംസ്ഥാനതലത്തിൽ പുരസ്കാരങ്ങൾ നൽകും. ശേഖരിച്ച വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്യും.

## കുഴിബോംബ് സ്ഫോടനത്തിൽ ആറ് സൈനികർക്ക് പരിക്ക്

ശ്രീനഗർ: ജമ്മു കശ്മീരിലെ രജൗരിയിൽ കുഴിബോംബ് സ്ഫോടനത്തിൽ ആറ് സൈനികർക്ക് പരിക്ക്. രജൗരി ജില്ലയിലെ നൗഷേര സെക്ടറിലാണ് സ്ഫോടനമുണ്ടായത്. ഗൂർഖ റൈഫിൾസിലെ സൈനികർക്കാണ് പരിക്കേറ്റത്.

ദിവസേനയുള്ള പട്രോളിങ്ങിനിടെയാണ് സംഭവം. രാവിലെ 10:45 ഓടെ ഒരു സൈനികൻ അബദ്ധത്തിൽ കുഴിബോംബിൽ ചവിട്ടിയതോടെയാണ് സ്ഫോടനമുണ്ടായത്. പരിക്കേറ്റ എല്ലാ ജീവനക്കാരെയും ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റി. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണെന്നാണ് റിപ്പോർട്ട്. നിയന്ത്രണരേഖയ്ക്ക് (എൽഒസി) സമീപമുള്ള പ്രദേശങ്ങളിൽ നുഴഞ്ഞുകയറ്റം തടയാനായി ഇത്തരം കുഴിബോംബുകൾ സ്ഥാപിക്കാറുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

# തലയോട്ടി തുറക്കാതെ ബ്രെയിൻ എവിഎം രോഗത്തിന് നൂതന ചികിത്സ

### രാജ്യത്ത് വളരെ കുറച്ച് ആശുപത്രികളിലുള്ള ചികിത്സ കോഴിക്കോട് മെഡിക്കൽ കോളേജിലും

യുവാക്കളിൽ തലച്ചോറിൽ രക്തസ്രാവം ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നായ ബ്രെയിൻ എവിഎം (ആർട്ടീരിയോ വീനസ് മാൽഫോർമേഷൻ) രോഗത്തിനുള്ള പുതിയ ചികിത്സാ രീതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വിജയം.

മലപ്പുറം സ്വദേശിയായ 25 വയസുകാരനാണ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിന് കീഴിൽ ട്രാൻസ് വീനസ് റൂട്ട് എമ്പോളൈസേഷൻ എന്ന ചികിത്സ നടത്തിയത്. സംസാരശേഷി നഷ്ടപ്പെട്ട് ഒരു വശം തളർന്നാണ് രോഗിയെ എത്തിച്ചത്. ചികിത്സയ്ക്ക് ശേഷം ആരോഗ്യനില മെച്ചപ്പെട്ട രോഗിയെ ഡിസ്ചാർജ് ചെയ്തു. രാജ്യത്ത് വളരെ കുറച്ച് ആശുപത്രികളിൽ മാത്രമേ ഈ രീതിയിൽ ചികിത്സ വിജയകരമായി നടത്തിയിട്ടുള്ളൂ. വിജയകരമായി നൂതന ചികിത്സ നടത്തിയ കോഴിക്കോട് മെഡിക്കൽ കോളേജിലെ മുഴുവൻ ടീമിനേയും ആരോഗ്യ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

രക്താതിമർദം മൂലമോ പരുക്ക് മൂലമോ കാരണമല്ലാതെ തലച്ചോറിൽ രക്തസ്രാവമുണ്ടാക്കുന്ന ഒരു അസുഖമാണ് ബ്രെയിൻ എവിഎം. രക്തക്കുഴലുകൾ ജന്മനാ കെട്ടുപിണഞ്ഞു കിടക്കുന്ന ഈ അവസ്ഥയ്ക്ക് തലയോട്ടി തുറന്നുള്ള സങ്കീർണ ശസ്ത്രക്രിയയാണ് ചികിത്സ. തലയൊട്ടി തുറക്കാതെ കാലിലെ രക്തക്കുഴൽ വഴി നടത്തുന്ന പിൻഹോൾ ചികിത്സയായ എമ്പോളൈസേഷൻ സാധാരണ രീതിയിൽ ട്രാൻസ് ആർട്ടീരിയൽ റൂട്ട് വഴിയാണ് നടത്തുന്നത്. തലച്ചോറിലേക്ക് രക്തമെത്തിക്കുന്ന ധമനികളിലൂടെ കത്തീറ്റർ കടത്തി വിട്ടതിന് ശേഷം അമിത രക്തസ്രാവം തടയുന്നു.

എന്നാൽ ട്രാൻസ് വീനസ് റൂട്ട് വഴി ചികിത്സിക്കുമ്പോൾ തലച്ചോറിൽ നിന്ന് തിരികെ രക്തം ഒഴുകി വരുന്ന സിരകളിലൂടെ (വെയിൻ) കത്തീറ്റർ കടത്തി വിട്ടാണ് ചികിത്സിക്കുന്നത്. ധമനികളിലൂടെ നടത്തുന്ന ചികിത്സയുടെ കൂടെ ട്രാൻസ് വീനസ് റൂട്ട് ചികിത്സ കൂടി കടന്നു വന്നതോടെ 95 ശതമാനം എവിഎം കേസുകളിലും തലയോട്ടി തുറക്കാതെയുള്ള എമ്പോളൈസേഷൻ ചികിത്സയിലൂടെ സുഖപ്പെടുത്താനാകും.പ്രിൻസിപ്പൽ ഡോ. സജീത് കുമാർ, ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീജയൻ, അനസ്തീഷ്യാ വിഭാഗം മേധാവി ഡോ. രാധ, റേഡിയോളജി വിഭാഗം മേധാവി ഡോ. ദേവരാജൻ, ന്യൂറോസർജറി വിഭാഗം മേധാവി ഡോ. ഷാജു മാത്യു എന്നിവരുടെ മേൽനോട്ടത്തിൽ ഇന്റർവെൻഷണൽ റേഡിയോളജിസ്റ് ഡോ. രാഹുൽ, അനെസ്തെറ്റിസ്റ്റുമാരായ ഡോ. ആന്റോ, ഡോ. അതുൽ എന്നിവർ ചേർന്നാണ് ചികിത്സ നടത്തിയത്.

## എം.ടി. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും നാടിന്റെയും മനസാക്ഷി: മന്ത്രി എം. ബി. രാജേഷ്

എം.ടി. വാസുദേവൻ നായർ മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും നാടിന്റെയും ജനതയുടെയും മനസാക്ഷിയാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച 'സുകൃതം വാസുദേവം' എം.ടി. വാസുദേവൻ നായർ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഒരുപാട് വിശ്വപ്രസിദ്ധരായ എഴുത്തുകാരെ മലയാളികൾക്ക് പരിചയപ്പെടുത്തിയത് എംടിയാണ്. കൂടാതെ മലയാളത്തിലെ രണ്ട് തലമുറയിലെ എഴുത്തുകാരെ വളർത്തിയെടുത്തതിൽ പത്രാധിപരായ എംടിക്ക് പ്രധാനപെട്ട പങ്കുണ്ടായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. ചുറ്റുവട്ടത്തുനിന്ന് കണ്ടെടുത്ത മനുഷ്യരെ കഥാപാത്രങ്ങളാക്കി അവരിലൂടെ മനുഷ്യരുടെ സാർവ്വലൗകികമായ വ്യഥകളെയും ആത്മസംഘർഷങ്ങളെയും എം.ടി ആവിഷ്കരിച്ചുവെന്ന് മന്ത്രി പറഞ്ഞു.

തിരസ്കൃതരായ മനുഷ്യരുടെ കഥകളാണ് എംടി ആവിഷ്ക്കരിച്ചത്. എല്ലാവരും ചതിയൻ ചന്തു എന്ന് വിളിച്ചയാളെ എംടി നായകനാക്കി. അസാധാരണമായ ധീരമായ പരീക്ഷണങ്ങൾ അദ്ദേഹം എഴുത്തിലും സിനിമയിലും കൊണ്ടുവന്നു. എംടി ഒരുകാലത്തും കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നില്ല. പ്രചരണപരമായിട്ട് എഴുതിയിട്ടില്ല. പക്ഷേ അദ്ദേഹം വിശാലമായൊരു രാഷ്ട്രീയം എക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. പൊതുവെ വളരെ കുറച്ചു സംസാരിച്ചിരുന്ന ആൾ ആണ്. എന്നാൽ താൻ പറയേണ്ട വാക്കുകൾ അനിവാര്യമായ സന്ദർഭങ്ങളിൽ പറയാൻ ഒരു മടിയും കാണിച്ചിട്ടില്ലാത്ത എഴുത്തുകാരനുമായിരുന്നു എംടി.

മതനിരപേക്ഷതയുടെ, ജനാധിപത്യത്തിന്റെ, ഇന്ത്യ എന്ന ആശയത്തിന്റെ അടിസ്ഥാനമൂല്യങ്ങളുടെയെല്ലാം കാവലാളായി എംടി നിലകൊണ്ടിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

എംടിയുടെ കഥാപാത്രങ്ങളുടെ ശബ്ദാവിഷ്ക്കാരാവും ചടങ്ങിൽ അവതരിപ്പിച്ചു. എഴുത്തുകാരൻ അജിത് കൊളാടി, എഴുത്തുകാരൻ കെ എസ് രവികുമാർ, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സാക്ഷരതാ മിഷൻ ഡയറക്ടർ എ ജി ഒലീന, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു, തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബി പി മുരളി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ആസൂത്രണമേഖലയിൽ ലിംഗാവബോധം അനിവാര്യം: ഐടിപിഐ വിമൺസ് ഫോറം

തിരുവനന്തപുരം: നഗരാസൂത്രണ പ്രവർത്തനങ്ങളിൽ ലിംഗാവബോധം അനിവാര്യമാണെന്നും അതിലൂടെ സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കാനാകുമെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യയുടെ (ഐടിപിഐ) വിമൺ ഫോറം അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ (ഐടിപിഐ) തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടത്തുന്ന 73–ാമത് നാഷണൽ ടൗൺ ആൻഡ് കൺട്രി പ്ലാനേഴ്സ് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഐടിപിഐ വിമൺ ഫോറം പ്രതിനിധികൾ.

ഐടിപിഐയിലെ 8700 അംഗങ്ങളിൽ മൂവായിരത്തിലധികം അംഗങ്ങളും സ്ത്രീകളാണെന്ന് ഐടിപിഐ വിമൺസ് പ്ലാനേഴ്സ് ഫോറം ചെയർമാനും ഡി വ്യാസ് ആൻറ് അസോസിയേറ്റ്സിലെ ആർക്കിടെക്റ്റുമായ ദീപ്തി ഡി വ്യാസ് പറഞ്ഞു. വിമൺ ഫോറം നടത്തിയ ഗൂഗിൾ ഫോംസ് സർവേയിൽ 80 ശതമാനം വനിതാ ആസൂത്രകരും ആസൂത്രണ മേഖലയിൽ സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു. ആസൂത്രണത്തിൽ ലിംഗനീതി നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ സർവേയിലൂടെ ലഭ്യമായതായും അവർ പറഞ്ഞു.

ഐടിപിഐയുടെ നയരൂപീകരണ പ്രക്രിയയിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക, ആസൂത്രണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക, വനിതാസംവരണം നടപ്പിലാക്കുക, ഗവേഷണത്തിനുള്ള പ്രോത്സാഹനത്തിനൊപ്പം ഗ്രാൻറുകളും പുരസ്കാരങ്ങളും നല്കുക തുടങ്ങിയ നിർദേശങ്ങളും വിമൺ ഫോറം പ്രതിനിധികൾ മുന്നോട്ട് വച്ചു.

സമ്മേളനത്തോടനുബന്ധിച്ച് 'സിറ്റി ത്രൂ ഹെർ ഐസ്' എന്ന വിഷയത്തിൽ നടത്തിയ പോസ്റ്റർ മത്സരത്തിലെ വിജയികളെയും വിമൺ ഫോറം സെഷനിൽ പ്രഖ്യാപിച്ചു. കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച 72 ഓളം എൻട്രികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 25 പോസ്റ്ററുകളും സമ്മേളനത്തിൽ പ്രദർശിപ്പിച്ചിരുന്നു.

പോസ്റ്റർ മത്സരത്തിൽ സൂറത്തിലെ ഐഡിപിടി–എസ്സിഇടിയിൽ (സാർവജനിക് സർവകലാശാല) നിന്നുള്ള ജെഷിക ജെ പട്ടേൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഐഐടി റൂർക്കിയിലെ പരുൾ ഭരദ്വാജ് രണ്ടാം സ്ഥാനവും ന്യൂഡൽഹി ജാമിയ മിലിയ ഇസ്ലാമിയയിലെ സാദിയ സിദ്ദിഖി മൂന്നാം സ്ഥാനവും നേടി.

ഐടിപിഐ വിമൺസ് പ്ലാനേഴ്സ് ഫോറം സെക്രട്ടറിയും സിഇപിടി യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി ഓഫ് പ്ലാനിംഗ് അർബൻ ഹൗസിങ് പ്രോഗ്രാം ചെയറുമായ ഡോ. സെജൽ പട്ടേലാണ് വിജയികളെ പ്രഖ്യാപിച്ചത്.

ഐടിപിഐ വിമൺസ് പ്ലാനേഴ്സ് ഫോറം അംഗവും ന്യൂഡൽഹിയിലെ സ്കൂൾ ഓഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചർ പ്രൊഫസറുമായ ഡോ. പൂനം പ്രകാശ് ഗൂഗിൾ ഫോംസ് സർവേയെക്കുറിച്ച് അവതരണം നടത്തി.ജനുവരി 10–11 തീയതികളിൽ നടന്ന ഐടിപിഐ സമ്മേളനത്തിൽ രാജ്യത്തെ നഗരാസൂത്രണവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളാണ് ചർച്ച ചെയ്തത്.

## വിവാദ പരാമർശവുമായി മോഹൻ ഭാഗവത്

### യഥാർത്ഥ സ്വാതന്ത്ര്യം ലഭിച്ചത് രാമക്ഷേത്ര നിർമ്മാണത്തോടെ

ഇൻഡോർ: രാജ്യത്ത് യഥാർത്ഥ സ്വാതന്ത്ര്യം സ്ഥാപിതമായത് രാമക്ഷേത്ര നിർമ്മാണത്തോടെയെന്ന് മോഹൻ ഭഗവത്. ഇൻഡോറിൽ ശ്രീരാമ ജന്മഭൂമിക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായിക്ക് 'ദേശീയ ദേവി അഹല്യ അവാർഡ്' സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മോഹൻ ഭഗവത്.

രാമക്ഷേത്രത്തിനായുള്ള പ്രയത്നങ്ങൾ രാജ്യത്തിന്റെ സ്വത്വത്തെ ഉണർത്തിയെന്നും ലോകത്തെ നയിക്കാൻ പ്രാപ്തമാക്കിയെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയെപ്പോലെ സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ ഏറെ മുന്നോട്ടു പോയിട്ടും നമുക്ക് അത്തരത്തിൽ കുതിക്കാൻ കഴിഞ്ഞിരുന്നില്ല. രാമക്ഷേത്ര നിർമ്മാണത്തോടെ പുതിയ ഉണർവ് രാജ്യത്തിന് ഉണ്ടായെന്നും അദ്ദേഹം പറഞ്ഞു. ആരെയും എതിർത്ത് തോൽപ്പിക്കാനായിരുന്നില്ല രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ. ഭാരതത്തിന്റെ ആത്മാവിനെ ഉണർത്താനുള്ള ചടങ്ങായിരുന്നു അത്. അതുവഴി രാജ്യത്തിന് സ്വന്തം കാലിൽ നിൽക്കാനും ലോകത്തെ നയിക്കാനും സാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. നുഴഞ്ഞുകയറ്റക്കാർ ഈ രാജ്യത്തെ ക്ഷേത്രങ്ങൾ നശിപ്പിച്ചു. അതോടെ ഈ രാജ്യത്തിന്റെ ആത്മാവ് ക്ഷയിക്കാൻ തുടങ്ങിയെന്നും മോഹൻ ഭാഗവത് പറഞ്ഞു.

## റേഡിയോളജിസ്റ്റ് ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ റേഡിയോളജിസ്റ്റിനെ നിയമിക്കുന്നു. അപേക്ഷകൾ 20ന് വൈകിട്ട് 3 വരെ നൽകാം. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

# ലോസ് ആഞ്ചലസിലെ കാട്ടുതീയിൽ 24 മരണം

ലോസ് ആഞ്ചലസ്: അമേരിക്കയിലെ ലോസ് ആഞ്ചലസിൽ കാട്ടുതീ പടർന്നുള്ള അപകടത്തിൽ 24 പേർ മരിച്ചതായി റിപ്പോർട്ട്. 16 പേരെ കാണാതായതായി. മരിച്ചവരിൽ അഞ്ച് പേരെ പാലിസേഡ്സ് ഫയർ സോണിൽ നിന്നും 11 പേരെ ഈറ്റൺ ഫയർ സോണിൽ നിന്നുമാണ് കണ്ടെത്തിയത്.തീപിടിത്തത്തെ തുടർന്നു ആയിരക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിക്കുകയും 12,000 ത്തിലധികം കെട്ടിടങ്ങൾ കത്തിനശിച്ചതായും റിപ്പോർട്ടുകളുണ്ട്.

അഗ്നിശമന സേനാംഗങ്ങൾ തീയണയ്ക്കാനുള്ള തീവ്രശ്രമത്തിലാണ്. എന്നാൽ ശക്തമായ കാറ്റാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. ഇത് കൂടുതൽ തീ പടരുമെന്ന ആശങ്ക ഉയർത്തുന്നതാണ്. മണിക്കൂറിൽ 48 കിലോമീറ്റർ മുതൽ 113 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശുമെന്നാണ് പ്രവചനം.

# ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശനം: ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

കേരളത്തിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2024-25 അധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്ക് പ്രവേശനത്തിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. www.cee.kerala.gov.in ലെ 'B.Pharm (LE)2024-Candidate Portal' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ 'ഛുശേീ ഞലഴശേൃമശേീ' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് ജനുവരി 17 വൈകിട്ട് മൂന്നുവരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം.

(പ്രോസ്പെക്ടസ് ക്ലോസ് 11 കാണുക). ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കില്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല. അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, പ്രോസ്പെക്ടസ് എന്നിവയ്ക്കും വിശദ വിവരങ്ങൾക്കും www.cee.kerala.gov.in സന്ദർശിക്കുക. ഹെൽപ് ലൈൻ: 0471-2525300.

# രണ്ടര വയസുകാരിയെ കമ്പി കൊണ്ട് അടിച്ച സംഭവം; അങ്കണവാടി ടീച്ചർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: രണ്ടര വയസുകാരിയെ കമ്പി കൊണ്ടടിച്ച സംഭവത്തിൽ അങ്കണവാടി ടീച്ചർക്ക് സസ്പെൻഷൻ. താങ്ങിമൂട് സ്വദേശി ബിന്ദുവിനെയാണ് ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്തത്.

വെമ്പായം നരിക്കലിലുള്ള അങ്കണവാടിയിൽ കഴിഞ്ഞ വെള്ളിയാഴ്ചയാണ് സംഭവം. നോട്ട് എഴുതാത്തതിന് ഷൂറാക്കിൻറെ കമ്പിയൂരി കുഞ്ഞിൻറെ കൈയിൽ അടിച്ച് പരിക്കേൽപ്പിച്ചെന്നാണ് രക്ഷിതാക്കളുടെ പരാതി.

വൈകുന്നേരം കുഞ്ഞിനെ കുളിപ്പിക്കുന്ന സമയത്തായിരുന്നു അച്ഛൻ മുറിവ് കണ്ടത്. ഇതോടെ കുഞ്ഞിൻറെ കുടുംബം ചൈൽഡ് ലൈനിനും വട്ടപ്പാറ പോലീസിനും പരാതി നൽകിയിരുന്നു.

# ദേശീയ സമ്മതിദായക ദിനം

ദേശീയ സമ്മതിദായക ദിനത്തിന്റെ ഭാഗമായുള്ള പരിപാടികൾ 25ന് രാവിലെ 9.30ന് ഗവർണർ രാജേന്ദ്ര ആർലേക്കർ കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. അന്നേ ദിവസം രാവിലെ 11 മണിക്ക് എല്ലാ ഓഫീസുകളിലും സമ്മതിദായക പ്രതിജ്ഞയെടുക്കും.

# അമൃത സ്നാനത്തിൽ പങ്കെടുത്ത് തീർത്ഥാടകലക്ഷങ്ങൾ

പ്രയാഗ്‌രാജ്: മഹാ കുംഭമേളയിലെ അമൃത സ്നാനത്തിൽ പങ്കെടുത്ത് ലക്ഷക്കണക്കിന് തീർത്ഥാടകർ. 45 ദിവസം നീളുന്ന തീർത്ഥാടനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങുകളിൽ ഒന്നാണ് മകര സംക്രാന്തി ദിനത്തിലെ അമൃത സ്നാനം. ഈ വേളയിൽ മുങ്ങിക്കുളിക്കുന്നത് വഴി ഭക്തരുടെ പാപങ്ങളെ ശുദ്ധീകരിക്കുകയും കൂടുതൽ പുണ്യം ലഭിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കപ്പെടുന്നു. നിരവധി ആത്മീയ നേട്ടങ്ങൾ ഉണ്ടാകുമെന്നും ഭക്തർ വിശ്വസിക്കുന്നു.

വിവിധ വിഭാഗങ്ങളിൽ നിന്നുള്ള പതിമൂന്ന് അഖാരകൾ മഹാകുംഭത്തിൽ പങ്കെടുക്കുന്നു. ശ്രീ പഞ്ചായത്തി അഖാര മഹാനിർവാണിയും ശ്രീ ശംഭു പഞ്ചായത്തി അടൽ അഖാരയുമാണ് അമൃത സ്നാനത്തിന് തുടക്കം കുറിച്ചത്.

ഒരു കോടിയിലധികം പേർ അമൃതസ്നാനത്തിൽ പങ്കെടുത്തതായി അധികൃതർ പറഞ്ഞു. ഒന്നാം ദിനത്തിൽ 1.65 കോടി തീർത്ഥാടകർ സ്നാനം ചെയ്തതായും സംഘാടകർ അറിയിച്ചു. ഫെബ്രുവരി 26 വരെ നീളുന്ന മഹാകുംഭമേളയിൽ 40 കോടിയിലേറെ പേരുടെ പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നതെന്നും അധികൃതർ അറിയിച്ചു.

# റാങ്ക് ലിസ്റ്റ്

2024-25 അധ്യയന വർഷത്തെ ആയുർവേദ ബിരുദാനന്തര ബിരുദ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാംഘട്ട സ്ട്രേ വേക്കൻസി പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അന്തിമ റാങ്ക് ലിസ്റ്റും,

കാറ്റഗറി ലിസ്റ്റും www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനത്തിന് : www.cee.kerala.gov.in. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

# ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ്

പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് 2024-25 വർഷത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ഓൺലൈൻ രജിസ്ട്രേഷനും അലോട്ട്മെന്റും നടത്തും. റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ പുതിയതായി കോളേജ്/കോഴ്സ് ഓപ്ഷനുകൾ www.lbscentre.kerala.gov.in വഴി 16 ന് ഉച്ചയ്ക്ക് 2 മണി വരെ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം ലഭിച്ചവർ പുതിയ നിരാക്ഷേപപത്രം (എൻ.ഒ.സി) ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് അപ്ലോഡ് ചെയ്യണം. അലോട്ട്മെന്റ് 17 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2560363, 364.

# ബീച്ച് നാഷണൽ വോളിബോൾ ട്രയൽസ്

38-ാംമത് ദേശീയ ഗെയിംസിൽ പങ്കെടുക്കേണ്ട ബീച്ച് വോളീബോൾ ടീമുകളെ തെരഞ്ഞെടുക്കുന്നതിന് വോളീബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ അഡ്ഹോക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 21 മുതൽ 23 വരെ ചെന്നൈയിൽ ബീച്ച് നാഷണൽ വോളീബോൾ ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കും. ഇതിൽ പങ്കെടുക്കേണ്ട കേരളത്തിന്റെ പുരുഷ, വനിതാ വോളീബോൾ ടീമുകളുടെ സെലക്ഷൻ ട്രയൽസ് സംസ്ഥാന വോളീബോൾ ടെക്നിക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 16ന് രാവിലെ 8.30 മുതൽ കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന്റെ മുന്നിലെ ബീച്ച് വോളീബോൾ ഗ്രൗണ്ടിൽ നടക്കും. സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കുന്നവർ രാവിലെ 8 മണിക്ക് എത്തി രജിസ്റ്റർ ചെയ്യണം.

# വയനാട് മെഡിക്കൽ കോളേജ് ഇന്റർവ്യൂ 24ന്

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ (ജനറൽ മെഡിസിൻ, ഒ.ബി.ജി, റേഡിയോ ഡയഗ്നോസിസ്, ഒഫ്താൽമോളജി, ജനറൽ സർജറി, സൈക്യാട്രി, എമർജൻസി മെഡിസിൻ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, കാർഡിയോളജി) സീനിയർ റസിഡന്റ് തസ്തികകളിൽ കരാർ നിയമനത്തിന് ഇന്റർവ്യൂ നടത്തും. പ്രതിമാസം 73,500 രൂപ ഏകീകൃത ശമ്പളത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.ബി.ബി.എസ് ബിരുദവും എം.ഡി/ എം.എസ്/ ഡി.എൻ.ബി/ ഡി.എം ഒപ്പം ടി.സി.എം.സി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് പങ്കെടുക്കാം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ജനുവരി 24ന് രാവിലെ 11 ന് കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ്ഓഫ് ചെയ്തു.

സാമ്പിൾ ശേഖരണം, ദ്രുതഗതിയിലുള്ള രോഗനിർണയം, കോൾഡ് ചെയിൻ സാഹചര്യങ്ങളിൽ സാമ്പിളുകൾ കൂടുതൽ പഠനങ്ങൾക്കായി എത്തിക്കൽ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങളും അവ കൈകാര്യം ചെയ്യാൻ വൈദഗ്ധ്യമുള്ള സംഘവും യൂണിറ്റിന്റെ ഭാഗമാണ്.

വൈറൽ രോഗങ്ങളും മറ്റു പകർച്ചവ്യാധികളും ഉണ്ടാകുമ്പോൾ രോഗബാധിത സ്ഥലങ്ങളിൽ നിന്ന് സാമ്പിൾ ശേഖരണം ക്രമീകരിക്കുന്നതിനും ഉചിതമായ സാഹചര്യങ്ങളിൽ സാമ്പിളുകൾ പരിശോധനാ സൗകര്യത്തിലേക്ക് മാറ്റുന്നതിനും യൂണിറ്റ് സഹായകരമാകും. സാമ്പിൾ ശേഖരണത്തിനും പരിശോധനയ്ക്കും ഇടയിലുള്ള സമയം കുറയ്ക്കുന്നതിനും വേഗത്തിലുള്ള രോഗനിർണയം സാധ്യമാക്കുന്നതിനും സാധിക്കും. സാമ്പിൾ അപചയസാധ്യത കുറയ്ക്കുന്നതിനും രോഗം നിയന്ത്രിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും യൂണിറ്റ് സഹായകരമാകും.ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റിലെ ദ്രുത രോഗനിർണയ പരിശോധനകൾ വഴി പ്രാഥമിക ഫലം വേഗം ലഭിക്കും. ആധുനിക ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മൊബൈൽ യൂണിറ്റ് വഴി ദ്രുതപ്രതികരണം, പരിശോധന, നിർണായക മെഡിക്കൽ ഇടപെടലുകൾ എന്നിവ ഉറപ്പാക്കാനാവും.തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം. സി. ദത്തൻ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ, ശാസ്ത്രജ്ഞർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

# തമിഴ്നാട്ടിലെ ബിജെപി നേതാവ് പോക്സോ കേസിൽ അറസ്റ്റിൽ

ചെന്നൈ: ബിജെപി സാമ്പത്തിക വിഭാഗം അധ്യക്ഷൻ എം എസ് ഷാ പോക്സോ കേസിൽ അറസ്റ്റിൽ. സ്കൂൾ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചെന്ന പരാതിയിൽ മധുര സൗത്ത് ഓൾ വിമൻ പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ്. കുട്ടിയുടെ പിതാവ് നൽകിയ പരാതിയിലാണ് നടപടി.15 വയസുള്ള മകളുടെ മൊബൈൽ ഫോണിൽ എം എസ് ഷാ അശ്ലീല സന്ദേശങ്ങൾ അയച്ചതായും ഇരുചക്ര വാഹനം വാങ്ങിത്തരാമെന്ന് പറഞ്ഞ് മകളെ വീട്ടിലേക്ക് വിളിച്ചു വരുത്തി പീഡിപ്പിച്ചതായും പിതാവ് പൊലീസിൽ പരാതി നൽകിയിരുന്നു. തന്റെ ഭാര്യയ്ക്ക് ഷായുമായി വിവാഹേതര ബന്ധമുണ്ടെന്നും മകളെ പീഡിപ്പിച്ച കാര്യം അറിയാമായിരുന്നുവെന്നും പരാതിയിൽ ആരോപിച്ചു. തുടർന്ന് ഇയാളുടെ ഭാര്യയ്ക്കെതിരെയും ഷായ്ക്ക് എതിരെയും പൊലീസ് കേസെടുക്കുകയായിരുന്നു.

വിശദമായ അന്വേഷണം നടത്താൻ മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച് നിർദേശിച്ചു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ എം എസ് ഷാ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് അറസ്റ്റ്.

# സ്പോർട്സ് സ്കൂൾ സെലക്ഷൻ

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശൂർ സ്പോർട്സ് ഡിവിഷൻ, സ്പോർട്സ് കൗൺലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂൾ സ്പോർട്സ് അക്കാഡമികളിലേക്കുമുള്ള ആദ്യഘട്ട സെലക്ഷൻ ജനുവരി 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. 6, 7, 8, പ്ലസ് വൺ ക്ലാസുകളിലേക്ക് നേരിട്ടും, 9, 10 ക്ലാസുകളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിയിലൂടെയും ആണ് സെലക്ഷൻ.

അത്‌ലറ്റിക്സ്, ബാസ്കറ്റ്ബാൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നിവയിൽ ആൺകുട്ടികൾക്കും ഫുട്ബോളിലും തയ്‌കോണ്ടോയിലും പെൺകുട്ടികൾക്ക് മാത്രവുമാണ് സെലക്ഷൻ. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തും. 6, 7 ക്ലാസുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതാ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും 8, പ്ലസ് വൺ ക്ലാസുകളിലേക്കുള്ള സെലക്ഷൻ കായിക ക്ഷമതയുടെയും അതത് കായിക ഇനത്തിലെ മികവിന്റെയും അടിസ്ഥാനത്തിലുമാണ്. 9, 10 ക്ലാസുകളിലേക്കുള്ള ലാറ്ററൽ എൻട്രിക്ക് സംസ്ഥാന തലത്തിൽ മെഡൽ കരസ്ഥമാക്കിയവരോ തത്തുല്യ പ്രകടനം കാഴ്ചവെച്ചവരോ ആയിരിക്കണം.വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രാഥമിക സെലക്ഷനിൽ മികവ് തെളിയിക്കുന്ന വിദ്യാർഥികളെ ഏപ്രിലിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന അസെസ്മെന്റ് ക്യാമ്പിൽ പങ്കെടുപ്പിക്കും. പ്രാഥമിക സെലക്ഷൻ നടക്കുന്ന തീയതിയും കേന്ദ്രവും;ജനുവരി 18ന് തലശേരി മുനിസിപ്പൽ സ്റ്റേഡിയം, 19ന് നീലേശ്വരം ഇ എംഎസ് സ്റ്റേഡിയം, 21ന് കൽപ്പറ്റ എസ്.കെ.എം.ജെ എച്ച്എസ്എസ് സ്റ്റേഡിയം, 22ന് തേഞ്ഞിപ്പാലം കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം, 23ന് പാലക്കാട് മുൻസിപ്പൽ സ്റ്റേഡിയം, 24ന് തൃശൂർ ജിവിഎച്ച്എസ്എസ് കുന്നംകുളം, 25ന് ആലുവ യു.സി കോളജ് ഗ്രൗണ്ട്, 28ന് ആലപ്പുഴ കലവൂർ ഗോപിനാഥ് സ്റ്റേഡിയം, 30ന് ഇടുക്കി നെടുങ്കണ്ടം മുനിസിപ്പൽ സ്റ്റേഡിയം, 31ന് പാലാ മുൻസിപ്പൽ സ്റ്റേഡിയം, ഫെബ്രുവരി 1ന് പത്തനംതിട്ട കൊടുമൺ സ്റ്റേഡിയം, 2ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, 3ന് തിരുവനന്തപുരം മൈലം ജിവി രാജ സ്പോർട്സ് സ്കൂൾ.സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആധാർ കാർഡ്, രണ്ട് പാസ്പോർട്ട് ഫോട്ടോ, സ്പോർട്സ് ഡ്രസ് സഹിതം അതത് ദിവസം രാവിലെ 9ന് എത്തണം. വിദ്യാർഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് ഏതെങ്കിലും സെന്ററിൽ സെലക്ഷന് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: dsya.kerala.gov.in

# ജമ്മുകാഷ്മീരിലെ സോനാമാർഗ് തുരങ്കം തുറന്നു

ശ്രീനഗർ/സോനമാർഗ്: ജമ്മു കാഷ്മീരിലെ തന്ത്രപ്രധാനമായ സോനമാർഗ് തുരങ്കം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിച്ചു. ഉദ്ഘാടനത്തിനു ശേഷം തുരങ്കത്തിനുള്ളിൽ കയറിയ പ്രധാനമന്ത്രി ഉദ്യോഗസ്ഥരുമായും നിർമാണത്തൊഴിലാളികളുമായും സംസാരിച്ചു.ജമ്മുകാഷ്മീർ രാജ്യത്തിന്റെ കിരീടമാണെന്നും അതിനെ കൂടുതൽ മനോഹരവും സമൃദ്ധവുമാക്കുകയാണ് ലക്ഷ്യമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.മുൻകാലങ്ങളിലെ ബുദ്ധിമുട്ടേറിയ ദിനങ്ങൾക്കു പകരമായി വികസനചരിത്രത്തിൽ സംസ്ഥാനം പുതിയൊരധ്യായം എഴുതിച്ചേർക്കുകയാണ്. ജനങ്ങൾക്കു നൽകിയ മുഴുവൻ വാഗ്ദാനങ്ങളും കേന്ദ്രസർക്കാർ നിറവേറ്റിയെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു.സംസ്ഥാനപദവി പുനഃസ്ഥാപിക്കണമെന്ന മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുടെ അഭ്യർഥനയെക്കുറിച്ച് ചോദിച്ചപ്പോൾ അതു വാഗ്ദാനം ചെയ്യപ്പെട്ടതാണെങ്കിൽ നിറവേറ്റുമെന്നു മോദി വ്യക്തമാക്കി. എല്ലാത്തിനും അതിൻറേതായ സമയമുണ്ട്. ശരിയായ സമയത്ത് ശരിയായ കാര്യം നടക്കും- അദ്ദേഹം പറഞ്ഞു.

2,700 കോടി രൂപ ചെലവിൽ നിർമിച്ച ഇസെഡ് മോർ ടണൽ എന്നും അറിയപ്പെടുന്ന തുരങ്കത്തിന്റെ ദൈർഘ്യം 6.5 കിലോമീറ്ററാണ്. രണ്ടുവരി പാതയാണ് തുരങ്കത്തിൽ ഒരുക്കിയിരിക്കുന്നത്.മധ്യകാഷ്മീരിലെ ഗന്ദർബാലിൽ ഗഗാംഗീറിനും സോനാമാർഗിനും ഇടയിലാണു തുരങ്കം. സമാന്തരമായി 7.5 മീറ്റർ വീതിയുള്ള സുരക്ഷാപാതയും നിർമിച്ചിട്ടുണ്ട്. മണ്ണിടിച്ചിലും ഹിമപാതവും മൂലം ബുദ്ധിമുട്ടിലാകുന്ന വാഹനഗതാഗതം ഇതോടെ സുഗമമാകും.

സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം പ്രധാനമന്ത്രി ആദ്യമായാണു കാഷ്മീരിലെത്തുന്നത്. ശ്രീനഗറിൽ നിന്ന് ഹെലികോപ്റ്റർ മാർഗമാണ് ഗന്ദർബാലിലെ സോനമാർഗിൽ പ്രധാനമന്ത്രി എത്തിയത്.കേന്ദ്രമന്ത്രി നിഥിൻ ഗഡ്കരി, ലഫ് ഗവർണർ മനോജ് സിൻഹ, ജമ്മുകാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള എന്നിവരും ഉദ്ഘാടനത്തിൽ പങ്കെടുത്തു.

# ഭക്ഷ്യസുരക്ഷാ വകുപ്പിന് അത്യാധുനിക മൈക്രോബയോളജി ലാബ്

## മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരത്ത് സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നിർമ്മാണം പൂർത്തീകരിച്ച ആധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോബയോളജി ലാബ് ഇന്ന് (ജനുവരി 15) രാവിലെ 11 മണിക്ക് ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

ആന്റണി രാജു എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കണ്ണാശുപത്രിയ്ക്ക് സമീപം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ക്യാമ്പസിലുള്ള ഗവ. അനലിസ്റ്റ്സ് ലബോറട്ടറിയിൽ ആണ് പുതിയ ലാബ് നിർമ്മിച്ചിരിക്കുന്നത്.

സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലെ മൂന്നാമത്തെ മൈക്രോബയോളജി ലാബാണ് സജ്ജമായതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലിറ്റിക്കൽ ലാബുകളിലെ മൈക്രോബയോളജി ലാബുകൾക്ക് പുറമേയാണ് തിരുവനന്തപുരത്തും സജ്ജമാക്കിയത്. മൂന്ന് ലാബുകളിലെയും മൈക്രോബയോളജി വിഭാഗത്തിന് എൻ.എ.ബി.എൽ. അംഗീകാരം സമയബന്ധിതമായി നേടിയെടുക്കാനാണ് പരിശ്രമിക്കുന്നത്.

2022-23, 2023-24 വർഷങ്ങളിൽ ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ് കേരളം. മൈക്രോബയോളജി ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് അക്രഡിറ്റേഷനും ലഭിക്കുന്നതോടെ ഭക്ഷ്യ പരിശോധനയിൽ ദേശീയ നിലവാരത്തിലുള്ള മികവ് പുലർത്താൻ സംസ്ഥാനത്തിന് സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ മൈക്രോബയോളജി പരിശോധനകൾ നിർണായകമായ പങ്ക് വഹിക്കുന്നു. പാലും പാൽ ഉത്പന്നങ്ങളും, പഴങ്ങളും പച്ചക്കറികളും അവയുടെ മറ്റ് ഉത്പന്നങ്ങളും, സുഗന്ധവ്യഞ്ജനങ്ങളും ഔഷധസസ്യങ്ങളും, കുപ്പി വെള്ളം, കുടിവെള്ളം, മാംസവും മാംസ ഉത്പന്നങ്ങളും, മത്സ്യവും മത്സ്യ ഉത്പന്നങ്ങളും, മുട്ടയും മുട്ട ഉത്പന്നങ്ങളും, ആരോഗ്യ സപ്ലിമെന്റുകൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, പ്രത്യേക ഭക്ഷണക്രമത്തിൽ ഉപയോഗിക്കേണ്ട ഭക്ഷണങ്ങൾ, പ്രത്യേക മെഡിക്കൽ ആവശ്യത്തിനുള്ള ഭക്ഷണങ്ങൾ തുടങ്ങി ഒട്ടുമിക്ക ഭക്ഷ്യ വിഭാഗങ്ങൾക്കും മൈക്രോബയോളജി പരിശോധന എഫ്എസ്എസ്എഐ മാനദണ്ഡ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇവയൊക്കെ പരിശോധിക്കാൻ ഈ ലാബ് സജ്ജമാണ്.

# നടിക്കെതിരെ പരാമർശം: മാപ്പ് പറഞ്ഞ് തെലുങ്കു സംവിധായകൻ

ഹൈദരാബാദ്: നടിക്കെതിരെ നടത്തിയ ബോഡി ഷെയിമിങ് പരാമർശത്തിൽ മാപ്പ് പറഞ്ഞ് തെലുങ്കു സംവിധായകൻ ത്രിനാഥ റാവു നക്കിന. ത്രിനാഥയുടെ പുതിയ സിനിമ മസാക്കയുടെ ടീസർ ലോഞ്ചിനിടെയാണ് നടി അൻഷുവിനെതിരെ അപകീർത്തി പരാമർശം നടത്തിയത്. പിന്നാലെ അദ്ദേഹത്തിന്റെ പ്രസ്താവന വലിയ വിമർശനത്തിന് വഴിവയ്ക്കുകയും തുടർന്ന് മാപ്പ് പറയുകയുമായിരുന്നു.

നീണ്ട 20 വർഷത്തെ ഇടവേളയ്ക്ക് ശേഷം മസാക്കയിലെ വേഷത്തിലൂടെയാണ് അൻഷു തിരികെ സിനിമയിലേക്ക് വരുന്നത്. സിനിമയുടെ ടീസർ ലോഞ്ചിനിടെ അൻഷുവിനോട് ശരീര ഭാരം വർധിപ്പിക്കാൻ ആവശ്യപ്പെട്ട കാര്യം പറയുകയായിരുന്നു സംവിധായകൻ. 'സിനിമയിലെ നായികാ നടിയായി തിരികെ വന്ന അവരെ കണ്ടപ്പോൾ എനിക്ക് വിശ്വസിക്കാൻ പറ്റിയില്ല. അവരിപ്പോൾ മെലിഞ്ഞാണ് ഇരിക്കുന്നത്. അവരോട് കുറച്ച് ഭക്ഷണം കഴിച്ച് ശരീരഭാരം കൂട്ടാനായിരുന്നു ഞാൻ പറഞ്ഞത്. കാരണം തെലുങ്കു പ്രേക്ഷകർക്ക് അതായിരുന്നു വേണ്ടത്. എല്ലാം വലുപ്പത്തിൽ തന്നെ അവർക്ക് വേണം. നടി കുറച്ച് മെച്ചപ്പെട്ടിട്ടുണ്ട്, ഇനിയും മെച്ചപ്പെടും', എന്നായിരുന്നു ത്രിനാഥയുടെ പരാമർശം.

2002ലെ മൻമധുഡു എന്ന സിനിമയിലെ അൻഷുവിന്റെ കഥാപാത്രത്തെക്കുറിച്ചും അദ്ദേഹം പരാമർശം നടത്തിയിരുന്നു. അൻഷുവിനെ അതിൽ കണ്ട എല്ലാവരും അവർ ലഡ്ഡുവാണെന്ന് കരുതിയിട്ടുണ്ടാകുമെന്നും അവരെ കാണാൻ വേണ്ടി താനും മറ്റുള്ളവരും ആ സിനിമ പല തവണ കണ്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞിരുന്നു. ത്രിനാഥയുടെ പരാമർശം മോശവും അശ്ലീലവുമാണെന്നായിരുന്നു സമൂഹമാധ്യമങ്ങളിൽ വന്ന വിമർശനം. പിന്നാലെ വീഡിയോ സന്ദേശം വഴി ത്രിനാഥ മാപ്പ് പറയുകയായിരുന്നു.

ത്രിനാഥ ഈ ലോകത്തിലെ തന്നെ സ്നേഹമുള്ള മനുഷ്യനാണെന്നും സന്ദർഭത്തിൽ നിന്നും അദ്ദേഹത്തിന്റെ പരാമർശം അടർത്തിയെടുക്കുകയായിരുന്നുവെന്നും അൻഷു പ്രതികരിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗമെന്ന നിലയിലാണ് ത്രിനാഥ തന്നെ പരിഗണിക്കുന്നതെന്നും 60 ദിവസം ഈ സിനിമയിൽ ഇദ്ദേഹത്തോടൊപ്പം പ്രവൃത്തിച്ചിട്ടുണ്ടെന്നും അപ്പോഴെല്ലാം സ്നേഹവും ബഹുമാനവും ലഭിച്ചെന്നും അൻഷു കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

## ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക സർക്കാർലക്ഷ്യം: മുഖ്യമന്ത്രി

കൊച്ചി: ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി സർവകലാശാലയിൽ തുടങ്ങിയ ദ്വിദിന രാജ്യാന്തര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.യുജിസി ചട്ടങ്ങൾ പാലിക്കാതെ രാജ്യത്തുടനീളം പ്രവർത്തിക്കുന്ന സ്വകാര്യ സർവകലാശാലകൾ പൊതു സർവകലാശാലകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയാണ്. ഇത് യുജിസിയുടെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തെരഞ്ഞെടുക്കപ്പെട്ട നിയമസഭകൾ രൂപീകരിച്ച നിയമങ്ങൾക്കനുസൃതമായാണ് സംസ്ഥാന സർവകലാശാലകൾ പ്രവർത്തിക്കുന്നത്. എന്നാൽ യുജിസിയുടെ നിയന്ത്രണങ്ങൾ ഈ സ്വയംഭരണത്തെ ദുർബലപ്പെടുത്തുന്നു. കേന്ദ്ര സർക്കാരും യുജിസിയും ഇത്തരം നടപടികളിൽ നിന്ന് വിട്ടുനിൽക്കണം. അധ്യാപക നിയമനങ്ങൾക്കോ സമാനമായ കാര്യങ്ങൾക്കോ മിനിമം യോഗ്യതകൾ സ്ഥാപിക്കുന്നതിൽ !എതിർപ്പില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## മെട്രോയുടെ ഇലക്ട്രിക് ബസ് നാളെ സർവീസ് ആരംഭിക്കും

എറണാകുളം: കൊച്ചി മെട്രോയുടെ ഇലക്ട്രിക് ബസ് സർവീസായ 'മെട്രോ കണക്ട്' നാളെ മുതൽ ആരംഭിക്കും. കൊച്ചിയെ പരിസ്ഥിതി സൗഹൃദ നഗരമാക്കുന്നതിനും പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഇലക്ട്രിക് ബസ് നിരത്തിലിറക്കുന്നത്. വ്യവസായ മന്ത്രി പി. രാജീവ് ആണ് സമൂഹമാധ്യമത്തിലൂടെ ഇക്കാര്യം അറിയിച്ചത്. ആലുവ കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട്, കളമശേരിമെഡിക്കൽ കോളജ്, ഹൈക്കോർട്ട് എംജി റോഡ് സർക്കുലർ, കടവന്ത്ര കെ.പി. വള്ളോൻ റോഡ് സർക്കുലർ, കാക്കനാട് വാട്ടർമെട്രോഇൻഫോപാർക്ക്, കിൻഫ്ര പാർക്ക്കളക്ട്രേറ്റ് എന്നീ റൂട്ടുകളിലാണ് തുടക്കത്തിൽ സർവീസുകൾ ആരംഭിക്കുക.

ആലുവഎയർപോർട്ട് റൂട്ടിൽ 80 രൂപയും മറ്റു റൂട്ടുകളിൽ അഞ്ച് കിലോമീറ്റർ യാത്രയ്ക്ക് മിനിമം 20 രൂപയുമാണ് പൂർണമായും എയർകണ്ടീഷൻ ചെയ്ത ഇലക്ട്രിക് ബസിലെ യാത്ര നിരക്ക്. 33 സീറ്റുകളാണ് ഒരു ബസിലുള്ളത്. ഡിജിറ്റൽ പേയ്മെൻറ് വഴിയാണ് പ്രധാനമായും ടിക്കറ്റ് എടുക്കാൻ സാധിക്കുക. പണം നൽകിയും ടിക്കറ്റ് എടക്കാനാകും. യുപിഐ വഴിയും രൂപേ ഡെബിറ്റ് കാർഡ്, കൊച്ചി1 കാർഡ് എന്നിവ വഴിയും പണമടച്ച് ടിക്കറ്റ് എടുക്കാനാകും.

എയർപോർട്ട് റൂട്ടിൽ തിരക്കുള്ള സമയങ്ങളിൽ 20 മിനിറ്റ് ഇടവിട്ടും തിരക്കില്ലാത്ത സമയങ്ങളിൽ 30 മിനിറ്റ് ഇടവിട്ടും സർവീസുകൾ ഉണ്ടാകും. രാവിലെ 6.45 മുതൽ സർവീസ് ആരംഭിക്കും. രാത്രി 11നാണ് എയർപോർട്ടിൽ നിന്ന് ആലുവയിലേക്കുള്ള അവസാന സർവീസ്. കളമശേരിമെഡിക്കൽ കോളജ് റൂട്ടിൽ 30 മിനിറ്റ് ഇടവിട്ട് സർവീസ് ഉണ്ടാകും. രാവിലെ 8.30 മുതൽ വൈകിട്ട 7.30 വരെയാണ് സർവീസ്. കാക്കനാട് വാട്ടർ മെട്രോ കിൻഫ്രാ ഇൻഫോപാർക്ക് റൂട്ടിൽ രാവിലെ എട്ട് മുതൽ വൈകിട്ട് ഏഴ് വരെ 25 മിനിറ്റ് ഇടവിട്ട് സർവീസ് ഉണ്ടാകും. കാക്കനാട് വാട്ടർ മെട്രോ കളക്ട്രേറ്റ് റൂട്ടിൽ 20 മിനിറ്റ് ഇടവിട്ട് രാവിലെ എട്ട് മുതൽ വൈകിട്ട് 7.30 വരെ സർവീസ് ഉണ്ടാകും. ഹൈക്കോർട്ട്എംജിറോഡ് സർക്കുലർ റൂട്ടിൽ 10 മിനിറ്റ് ഇടവിട്ട് രാവിലെ 8.30 മുതൽ വൈകിട്ട് 7.30 വരെയും കടവന്ത്ര കെ.പി. വള്ളോൻ റോഡ്പനമ്പിള്ളി നഗർ റൂട്ടിൽ 25 മിനിറ്റ് ഇടവിട്ട് രാവിലെ ഒമ്പത് മുതൽ വൈകിട്ട് എഴ് വരെയും സർവീസ് ഉണ്ടാകും.

# നഗര വികസനത്തിന് നവീന സാങ്കേതിക പരിഹാരങ്ങൾ മുന്നോട്ടുവച്ച് നാഷണൽ ടൗൺ ആൻഡ് കൺട്രി പ്ലാനേഴ്സ് സമ്മേളനത്തിന് സമാപനം

### നഗരാസൂത്രകർ മാറ്റത്തിനൊപ്പം സഞ്ചരിക്കണം: ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ

തിരുവനന്തപുരം: നഗര പ്രദേശങ്ങളുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനായി നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പരിഹാരങ്ങൾ സാധ്യമാക്കണമെന്ന നിർദേശം മുന്നോട്ടുവച്ച് 73-ാമത് നാഷണൽ ടൗൺ ആൻഡ് കൺട്രി പ്ലാനേഴ്സ് സമ്മേളനത്തിന് സമാപനമായി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പിന്തുണയോടെ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ(ഐടിപിഐ)യാണ് സമ്മേളനം സംഘടിപ്പിച്ചത്.

സമാപന സമ്മേളനത്തിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ മുഖ്യാതിഥിയായി. വളരെ വേഗത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ നഗരാസൂത്രകർ അതിനനുസരിച്ച് ചടുലത പുലർത്തുകയും മാറ്റങ്ങളുമായി പൊരുത്തപ്പെടുകയും വേണമെന്ന് ശാരദ മുരളീധരൻ പറഞ്ഞു. വെല്ലുവിളികൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ കണ്ടെത്തേണ്ടത് പ്രധാനമാണ്.

യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പ്രതികരണങ്ങൾ രൂപപ്പെടുത്തുന്നതിനും ആശയങ്ങൾക്കപ്പുറത്തേക്ക് ആസൂത്രണം മാറണം.

ദ മാലിന്യ സംസ്കരണം ഉൾപ്പെടെ കേരള സമൂഹം നേരിടുന്ന പ്രശ്നങ്ങളെ ഇതിനോടു ചേർത്ത് ചീഫ് സെക്രട്ടറി പരാമർശിച്ചു. ഓരോ നിർണായക പ്രശ്നത്തെയും അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്ന മാസ്റ്റർ പ്ലാനുകൾ എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിയുമെന്നതാണ് പ്രധാനമെന്നും അവർ കൂട്ടിച്ചേർത്തു.

പി. ജി, ബിരുദ, ഫീമെയിൽ സ്റ്റുഡൻറ് എന്നീ വിഭാഗങ്ങളിൽ ദേശീയ തലത്തിലെ മികച്ച പ്രബന്ധങ്ങൾക്കുള്ള പുരസ്കാരങ്ങൾ ചീഫ് സെക്രട്ടറി വിതരണം ചെയ്തു.



*ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ (ഐടിപിഐ) സംഘടിപ്പിച്ച 73-ാമത് നാഷണൽ ടൗൺ ആൻഡ് കൺട്രി പ്ലാനേഴ്സ് സമ്മേളനത്തിന്റെ എക്സിബിഷൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സന്ദർശിക്കുന്നു.*

ഐടിപിഐ പ്രസിഡൻറ് എൻ. കെ പട്ടേൽ, വൈസ് പ്രസിഡൻറ് അനൂപ് കുമാർ ശ്രീവാസ്തവ, കേരള റീജണൽ ചാപ്റ്റർ ചെയർമാൻ രാജേഷ് പി. എൻ, ടെക്നോ അഡ്മിൻ കോ-ഓർഡിനേറ്റർ പ്രദീപ് കപൂർ എന്നിവരും സംസാരിച്ചു.

'ഇൻറലിജൻറ്, ഡിജിറ്റൽ സ്പേഷ്യൽ പ്ലാനിംഗ് ആൻഡ് ഗവേണൻസ്' എന്ന പ്രമേയത്തിൽ നടന്ന സമ്മേളനത്തിൽ രാജ്യത്തുടനീളമുള്ള ടൗൺ പ്ലാനേഴ്സും നയരൂപകർത്താക്കളും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തു. ഇന്ത്യൻ നഗരങ്ങൾ താപ-പ്രതിരോധ ശേഷിയുള്ള നഗര ആസൂത്രണവും രൂപകൽപ്പനയും സ്വീകരിക്കണമെന്ന് 'ബ്ലൂ ഗ്രീൻ ഇക്കണോമി ഫോർ റിസീലിയൻറ് ഫ്യൂച്ചർ' എന്ന സെഷനിൽ സംസാരിച്ച വിദഗ്ധർ അഭിപ്രായപ്പെട്ടു. കനത്ത ചൂട് ഉല്പാദനക്ഷമതയെ ബാധിക്കുകയും നഗര അടിസ്ഥാന സൗകര്യങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. രാജ്യത്തിനായി കാലാവസ്ഥാ സംവേദനക്ഷമതയുള്ള നഗര രൂപകൽപ്പന സ്വീകരിക്കാനും ഹീറ്റ് മാനേജ്മെൻറ് പോളിസി വ്യാപകമാക്കാനും അവർ ആഹ്വാനം ചെയ്തു.

പ്രകൃതി അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങളും ബ്ലൂ-ഗ്രീൻ ഇക്കണോമിയും സംയോജിപ്പിക്കണമെന്ന് ന്യൂഡൽഹിയിലെ സിഎസ്ഇ സസ്റ്റൈനബിൾ ഹാബിറ്റാറ്റ് പ്രോഗ്രാം ഡയറക്ടർ രജനീഷ് സരീൻ പറഞ്ഞു. ഐഐടി ഖൊരഗ്പൂർ ആർകിടെക്ചർ ആൻഡ് പ്ലാനിംഗ് വിഭാഗം മുൻ ഫാക്കൽറ്റി ഡോ. ബാനി ചക്രവർത്തി, ബംഗളൂരു നിറ്റേ സ്കൂൾ ഓഫ് ആർക്കിടെക്ചർ പ്ലാനിംഗ് ആൻഡ് ഡിസൈൻ അസി. പ്രൊഫസർ ഡോ. രേഷ്മ വിലാസൻ, ന്യൂഡൽഹിയിലെ സിഎസ്ഇ എക്സിക്യുട്ടീവ് ഡയറക്ടർ അനുമിത റോയ് ചൗധരി എന്നിവരും സെഷനിൽ സംസാരിച്ചു.

ലഭ്യമായ സ്ഥലം പ്രയോജനപ്പെടുത്തി ആളുകളുടെ സംവേദനക്ഷമതയ്ക്ക് അനുസൃതമായ രൂപകൽപ്പന നടത്തണമെന്ന് ടൗൺ പ്ലാനർമാർമാരുടെ ഉത്തരവാദിത്തമാണെന്ന് 'ടെക്നോ അർബനിസം' എന്ന വിഷയത്തിൽ സംസാരിക്കവേ സ്കൂൾ ഓഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചർ ഡയറക്ടർ വി. കെ. പോൾ പറഞ്ഞു. നഗരാസൂത്രണത്തിൽ ഉൾക്കൊള്ളൽ, പ്രവേശനക്ഷമത എന്നിവ പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. ഡാറ്റ വിശകലനം ആസൂത്രണത്തിൽ പ്രധാനമാണെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) കെ. വി അബ്ദുൽ മാലിക് പറഞ്ഞു.

എംഎംആർഡിഎ (പ്ലാനിംഗ് ഡിവിഷൻ) മുൻ പ്രിൻസിപ്പൽ ചീഫും സിഇപിടി പ്ലാനിംഗ് ഡീൻ ഫാക്കൽറ്റിയുമായ പ്രൊഫ. വി. കെ പതക്, ഭോപ്പാലിലെ സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ചർ മുൻ ഡയറക്ടർ ഡോ. എൻ. ശ്രീധരൻ, അഹമ്മദാബാദിലെ സിഇപിടി യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡോ. ശാശ്വത് ബന്ദോപാധ്യായ, ഹൈദരാബാദിലെ ലൈഫിൻക്രിപ്റ്റ് ചീഫ് സയൻറിസ്റ്റ് കെ. രവികുമാർ റെഡ്ഡി എന്നിവരും സംസാരിച്ചു. എല്ലാ ഗ്രാമങ്ങളിലും സ്കൂൾ, ആശുപത്രി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്ന ആശയത്തിലൂന്നിയുള്ള സാമൂഹിക ആസൂത്രണത്തിന്റെ ചരിത്രമാണ് കേരളത്തിനുള്ളതെന്ന് 'ലോക്കൽ ഡെമോക്രസി ആൻഡ് സ്പേഷ്യൽ പ്ലാനിംഗ് ഇൻ കേരള' എന്ന വിഷയത്തിൽ സംസാരിച്ച മുൻ കേരള ചീഫ് സെക്രട്ടറി എസ്. എം വിജയാനന്ദ് പറഞ്ഞു.

ആസൂത്രണ പ്രവർത്തനങ്ങളിൽ ഐടിപിഐ കിലയുമായി സഹകരിച്ചു പ്രവർത്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തദ്ദേശ സ്വയംഭരണവകുപ്പ് (പ്ലാനിംഗ്) ചീഫ് ടൗൺ പ്ലാനർ ഷിജി ഇ ചന്ദ്രൻ, മുൻ സംസ്ഥാന അഡീഷണൽ ചീഫ് ടൗൺ പ്ലാനർ ജേക്കബ് ഈശോ, കിലയിലെ അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കളിയത്ത്, എൻഐറ്റി കാലിക്കറ്റ് അസോസിയേറ്റ് പ്രൊഫസർ ഡോ. മുഹമ്മദ് ഫിറോസ്, റിട്ട സീനിയർ ടൗൺ പ്ലാനർ ബൈജു കെ, മുംബൈ എംഎസ്ആർഡിസി ഡെപ്യൂട്ടി ഡയറക്ടർ ഉദയ് ചന്ദർ എന്നിവരും ഈ സെഷനിൽ സംസാരിച്ചു.

നഗരവികസനത്തിൽ നവീന ആശയങ്ങളുടെ പ്രാധാന്യം, ഡിജിറ്റൽ സ്പേഷ്യൽ പ്ലാനിംഗ് എന്നിവയാണ് സമ്മേളനത്തിൽ ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ. സാങ്കേതിക മുന്നേറ്റം, സ്മാർട് സിറ്റികളുടെ ഫലപ്രാപ്തി, തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംഭരണം, കാലാവസ്ഥാ വെല്ലുവിളികളുടെ ആഘാതം കുറയ്ക്കൽ തുടങ്ങി നഗര-പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ചയായി. സമ്മേളനത്തിലെ പ്രതിനിധികൾ ഇന്ന് (ജനുവരി 12) നഗരത്തിലെ വിവിധ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കും.

ഇന്ത്യയിലെ നഗരാസൂത്രണ വിദഗ്ധരുടെ സംഘടനയായ ഐടിപിഐ 1951 ലാണ് നിലവിൽ വന്നത്. പട്ടണങ്ങളുടെയും നഗരങ്ങളുടെയും മറ്റ് പ്രദേശങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വേണ്ട ഗവേഷണം, പരിശീലനം, വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ഐടിപിഐയുടെ ലക്ഷ്യം. 18 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കേരളത്തിൽ എൻടിസിപി സമ്മേളനത്തിന് കേരളം വേദിയായത്.

## ദർശനപുണ്യമേകി തിരുവാഭരണം ചാർത്തി ദീപാരാധന; മകര ജ്യോതി ദർശിച്ച് ഭക്ത സഹസ്രങ്ങൾ, സന്നിധാനം ഭക്തിസാന്ദ്രം

പത്തനംതിട്ട: ഭക്ത സഹസ്രങ്ങൾക്ക് ദർശന പുണ്യമേകി ശബരിമല ശ്രീകോവിലിൽ തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന നടന്നു. തൊട്ടുപിന്നാലെ മനംനിറച്ച് പൊന്നമ്പലമേട്ടിൽ മകര ജ്യോതി തെളിഞ്ഞു.

ആയിരക്കണക്കിനു ഭക്തരാണ് പൊന്നമ്പലമേട്ടിലെ ദിവ്യ ജ്യോജി ദർശിക്കാനായി സന്നിധാനത്തും വിവിധ വ്യൂ പോയിൻറുകളിലുമായി കാത്തുനിന്നിരുന്നത്. ഏറിയ പങ്കും ഇതര സംസ്ഥാന ഭക്തരായിരുന്നു ഇത്തവണ മകരവിളക്ക് മഹോത്സവത്തിന് ശബരിമലയിലെത്തിയത്. മകരവിളക്ക് മഹോത്സത്തിന് സമാപനമായതോടെ ഒരു തീർഥാടനകാലത്തിന്റെ പുണ്യവും പേറി അയ്യപ്പഭക്തർ മലയിറങ്ങും.

തിരുവാഭരണങ്ങളും വഹിച്ച് പന്തളത്തുനിന്നു പുറപ്പെട്ട ഘോഷയാത്ര വൈകുന്നേരത്തോടെ ശരംകുത്തിയിലെത്തി. അവിടെ ആചാരപരമായ വരവേൽപ് നൽകി സന്നിധാനത്തേക്ക് ആനയിച്ചു. കൊടിമരച്ചുവട്ടിൽ ദേവസ്വം മന്ത്രിയും ദേവസ്വം ബോർഡ് പ്രസിഡൻറും ചേർന്ന് തിരുവാഭരണങ്ങൾ സ്വീകരിച്ചു.

തുടർന്നു തന്ത്രിയും മേൽശാന്തിയും ചേർന്ന് തിരുവാഭരണങ്ങൾ ഏറ്റുവാങ്ങി ശ്രീകോവിലിനുള്ളിലേക്ക് എത്തിച്ചു. പിന്നീട് തിരുവാഭരണങ്ങൾ ചാർത്തി 6.40 ഓടെ മഹാദീപാരാധന നടന്നു. ഇതേ സമയം പൊന്നന്പലമേട്ടിൽ മകര ജ്യോതി തെളിഞ്ഞു.

മകരവിളക്കിനുശേഷമുള്ള മടക്കയാത്രയ്ക്കായി എണ്ണൂറോളം കെഎസ്ആർടിസി ബസുകൾ സജ്ജമാക്കിയിട്ടുണ്ടെന്നു മന്ത്രി വി.എൻ. വാസവൻ അറിയിച്ചിട്ടുണ്ട്. പമ്പ, നിലയ്ക്കൽ, പത്തനംതിട്ട, എരുമേലി എന്നിവിടങ്ങളിലായി എത്തിച്ചിട്ടുള്ള ബസുകൾ തീർഥാടകരുടെ തിരക്കിനനുസരിച്ച് പമ്പയിൽനിന്നും നിലയ്ക്കൽനിന്നുമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്കും അയൽ സംസ്ഥാനങ്ങളിലേക്കും യാത്ര നടത്തും.

## പാക് അധീന കാഷ്മീർ ഇല്ലാതെ ജമ്മു കാഷ്മീർ അപൂർണം: പ്രതിരോധമന്ത്രി

ശ്രീനഗർ: പാക് അധീന കാഷ്മീർ ഇല്ലാതെ ജമ്മു കാഷ്മീർ അപൂർണമാണെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്. ഡൽഹിയേയും കാഷ്മീരിനേയും കേന്ദ്രസർക്കാർ ഒരുപോലെയാണ് പരിഗണിക്കുന്നത് എന്നും പ്രതിരോധമന്ത്രി പറഞ്ഞു.

ഡൽഹിയെ പോലെ തന്നെയാണ് കാഷ്മീരിനെയും കേന്ദ്രസർക്കാർ പരിഗണിക്കുന്നത് എന്നതിന് തെളിവാണ് അഖ്നൂരിലെ വെറ്ററൻസിന്റെ സാന്നിധ്യം തെളിയിക്കുന്നത്. ഇന്ത്യയിൽ ഇതുവരെ ഉണ്ടായിട്ടുള്ള സർക്കാരുകൾ ജമ്മു കാഷ്മീരിനെ വ്യത്യസ്തമായ രീതിയിലാണ് കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ രാജ്യതലസ്ഥാനമായ ഡൽഹിയുമായി ഉണ്ടായിരുന്നിരിക്കേണ്ട ബന്ധം ഇവിടുത്തെ സഹോദരീസഹോദരന്മാർക്ക് ലഭിക്കാതെപോയി. ഇനിയും അത് സംഭവിക്കാതിരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഇപ്പോഴും അവിടവിടെയായി ചില ചെറിയ വിള്ളലുകൾ നിലനിൽക്കുന്നുണ്ട്. അവ കൂടി പരിഹരിക്കാനും കൂട്ടിയോജിപ്പിക്കാനും നടത്തുന്ന പ്രവർത്തനങ്ങളിൽ ജമ്മു കാഷ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള വഹിക്കുന്ന പങ്ക് അഭിനന്ദനാർഹമാണ്. ജമ്മു കാഷ്മീലെ ജനങ്ങളെ ഇന്ത്യൻ സർക്കാരുമായി കൂടുതൽ അടുപ്പിക്കുന്നതിൽ മുഖ്യമന്ത്രി ഒമർ അബ്ദുള്ള വഹിക്കുന്ന പങ്ക് വലുതാണ്.

കാഷ്മീരിലെ ജനങ്ങൾക്ക് രാജ്യത്തെ മറ്റെല്ലായിടങ്ങളിലെയും ജനങ്ങളുമായുള്ള ഹൃദയബന്ധം ദൃഢമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഹൃദയങ്ങൾ തമ്മിലുള്ള അകലം ഇല്ലാതാക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു.

## പീച്ചി ഡാം അപകടം; ചികിത്സയിലിരുന്ന ഒരു വിദ്യാർഥിനി കൂടി മരിച്ചു

തൃശൂർ: തൃശൂർ പീച്ചി ഡാം റിസർവോയർ അപകടത്തിൽ മരണം മൂന്നായി. പട്ടിക്കാട് സ്വദേശിനി എറിൻ (16) ആണ് മരിച്ചത്.

കഴിഞ്ഞ ദിവസം ചികിത്സയിലിരിക്കെ രണ്ട് പെൺകുട്ടികൾ മരിച്ചിരുന്നു. അലീന (16), ആൻ ഗ്രേയ്സ് (16) എന്നിവരാണ് നേരത്തെ മരിച്ചത്.

അപകടത്തിൽപ്പെട്ട മറ്റൊരു വിദ്യാർഥിനി ചികിത്സയിൽ തുടരുകയാണ്. സുഹൃത്തിന്റെ വീട്ടിൽ ആഘോഷത്തിനെത്തിയപ്പോളാണ് വിദ്യാർഥിനികൾ അപകടത്തിൽപ്പെട്ടത്.

## കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ പ്രവർത്തന മികവ്: ഇതാദ്യമായി 17 വിഭാഗങ്ങളിൽ സംസ്ഥാന ജില്ലാതല അവാർഡ്

തിരുവനന്തപുരം: കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ പ്രവർത്തന മികവിന് ബ്ളോക്ക് ജില്ലാ സംസ്ഥാനതലത്തിൽ അവാർഡ് നൽകുന്നു. 17 വിഭാഗങ്ങളിലാണ് അവാർഡ്. ഇതിന് മുമ്പ് മികച്ച സി.ഡി.എസുകൾക്ക് അവാർഡു നൽകിയിട്ടുണ്ടെങ്കിലും ഇത്രയും വിഭാഗങ്ങളിലെ പ്രവർത്തനമികവിന് കുടുംബശ്രീ അംഗീകാരം ഏർപ്പെടുത്തുന്നത് ഇതാദ്യമാണ്.

കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും മികവുറ്റതും ശ്രദ്ധേയവുമായ നേട്ടങ്ങൾക്ക് ആദരം നൽകുന്നതിന്റെയും ഭാഗമായാണ് അവാർഡ് ഏർപ്പെടുത്തുന്നത്. മികച്ച അയൽക്കൂട്ടം, ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി, മികച്ച ഊരുസമിതി, അഞ്ചു വ്യത്യസ്ത വിഭാഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സി.ഡി.എസുകൾ, മികച്ച സംരംഭ ഗ്രൂപ്പ്, സംരംഭക, ബഡ്സ് സ്ഥാപനം, ജെൻഡർ റിസോഴ്സ് സെൻറർ, ഓക്സിലറി ഗ്രൂപ്പ്, ഓക്സിലറി സംരംഭം, സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, മികച്ച പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല, മികച്ച ജില്ലാമിഷൻ എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുക. ജില്ലാ സംസ്ഥാന വിജയികൾക്ക് ക്യാഷ് അവാർഡിനൊപ്പം സർട്ടിഫിക്കറ്റും മെമൻറോയും ലഭിക്കും. മികച്ച സ്നേഹിത, പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല, ജില്ലാമിഷൻ എന്നിവയൊഴിച്ച് ബാക്കി എല്ലാ വിഭാഗത്തിലുമുള്ള അപേക്ഷകൾ ആദ്യം അതത് സി.ഡി.എസുകളിൽ സമർപ്പിക്കണം.

ഇവ പ്രാഥമിക പരിശോധനകൾക്ക് ശേഷം ജില്ലാമിഷനിലേക്ക് അയക്കും. ഈ അപേക്ഷകൾ ജില്ലാതല സ്ക്രീനിങ്ങ് കമ്മിറ്റി പരിശോധിച്ച ശേഷം ബ്ളോക്ക്തല അവാർഡ് നിർണയ കമ്മിറ്റിക്ക് നൽകും.

ഈ കമ്മിറ്റി ഫിസിക്കൽ വെരിഫിക്കേഷൻ ഉൾപ്പെടെ നടത്തിയ ശേഷം ബ്ളോക്ക്തല മത്സരത്തിൽ വിജയികളായ വിഭാഗങ്ങളുടെ പട്ടിക ജില്ലാമിഷന് നൽകും.

ബ്ളോക്ക്തലത്തിൽ ഒന്നാമതായി തെരഞ്ഞെടുക്കപ്പെടുന്ന വിഭാഗം ജില്ലാതലത്തിലും ഇതിൽ വിജയികളാകുന്നവ സംസ്ഥാന തലത്തിലും മത്സരിക്കും. അപേക്ഷകൾ സി.ഡി.എസുകൾക്ക് ലഭിക്കേണ്ട അവസാന തീയതി 2025 ജനുവരി 25. മികച്ച സ്നേഹിത, പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല, ജില്ലാമിഷൻ എന്നിവയ്ക്കുള്ള അപേക്ഷകൾ ഫെബ്രുവരി 20ന് മുമ്പ് സംസ്ഥാനമിഷനിൽ സമർപ്പിക്കണം. 2023-24 സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സി.ഡി.എസ്, ബഡ്സ് സ്ഥാപനങ്ങൾ, സ്നേഹിത, ജെൻഡർ റിസോഴ്സ് സെൻറർ, ജില്ലാമിഷൻ, മികച്ച പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല എന്നിവയ്ക്കുള്ള അവാർഡ് നിർണയം. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തെ പ്രവർത്തനമികവാണ് അയൽക്കൂട്ടം, ഓക്സിലറി ഗ്രൂപ്പ് എ.ഡി.എസ്, ഊരുസമിതി, സംരംഭം, സംരംഭക എന്നീ വിഭാഗങ്ങളിൽ അവാർഡിനായി പരിഗണിക്കുക. മറ്റു വിഭാഗങ്ങൾക്ക് നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായിരിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറി അധ്യക്ഷയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായിട്ടുള്ള സംസ്ഥാനതല പുരസ്കാര നിർണയ കമ്മിറ്റിയാണ് വിവിധ വിഭാഗങ്ങളിൽ സംസ്ഥാനതല വിജയികളെ തെരഞ്ഞെടുക്കുക. കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം ചെയർമാനും അതത് ജില്ലാമിഷൻ കോർഡിനേറ്റർമാർ വർക്കിങ്ങ് ചെയർമാനുമായുള്ള ജില്ലാതല അവാർഡ് നിർണയ കമ്മിറ്റിയാണ് ജില്ലാതല മത്സര വിജയികളെ കണ്ടെത്തുക.

## തമിഴ്നാട്ടിൽ ട്രെയിൻ പാളം തെറ്റി

ചെന്നൈ: തമിഴ്നാട്ടിൽ മെമു ട്രെയിനിന്റെ അഞ്ച് കോച്ചുകൾ പാളം തെറ്റി. വിഴുപ്പുറത്ത് നിന്ന് പുതുച്ചേരിയിലേയ്ക്ക് പോകുകയായിരുന്ന മെമു ട്രെയിനിന്റെ കോച്ചുകളാണ് പാളം തെറ്റിയത്. വില്ലുപുരം റെയിൽവേ സ്റ്റേഷന് സമീപം, വിഴുപ്പുറം യാർഡിനോട് ചേർന്ന് ഇന്നലെ പുലർച്ചെ 5.25 ഓടെയായിരുന്നു സംഭവം. അപകടത്തിൽ ആളപായമില്ല. ലോക്കോ പൈലറ്റിന്റെ സമയോചിതമായ ഇടപെടൽ മൂലമാണ് വൻ അപകടം ഒഴിവായത്. വളവു തിരിഞ്ഞതിനു പിന്നാലെ വലിയൊരു ശബ്ദം കേട്ട് എമർജൻസി ബ്രേക്ക് ഉപയോഗിച്ച് ലോക്കോ പൈലറ്റ് ട്രെയിൻ പെട്ടെന്ന് നിർത്തുകയായിരുന്നു. ട്രെയിനിൽ ഏകദേശം 500 ഓളം യാത്രക്കാരാണ് ഉണ്ടായിരുന്നത്. . ഉടനെ യാത്രക്കാരെ ട്രെയിനിൽ നിന്ന് ഒഴിപ്പിച്ചു. അപകടത്തെ തുടർന്ന് ഈ റൂട്ടിലൂടെയുള്ള ഗതാഗതം രാവിലെ 8.30 വരെ നിർത്തിവച്ചിരുന്നു. സാങ്കേതിക തകരാറാണോ അട്ടിമറിയാണോ അപകടത്തിനുപിന്നിലെന്ന് പരിശോധിക്കുമെന്ന് റെയിൽവേ അറിയിച്ചു.